"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - ജി.ജി. ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - വെൺപാലവട്ടം എൻ.എച്ച് ബൈപ്പാസ് റോഡിന്റെ വികസനത്തിനായി എൽ.എ.സി 356/2007 പ്രകാരം ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നുംവില നിയമം സെക്ഷൻ 28എ പ്രകാരമുള്ള അവാർഡ് തുക അനുവദിക്കുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.310/2026/LSGD** **തീയതി, തിരുവനന്തപുരം, 05-02-2026**

പരാമർശം:-

1. സ.ഉ. (അച്ചടി) നം.32/2019/ധന, തീയതി, 18/03/2019.
2. ബഹു. തിരുവനന്തപുരം II അഡീഷണൽ സബ് കോടതിയുടെ എൽ.എ.ആർ. 361/2009 നമ്പർ കേസിന്മേലുള്ള 21/12/2019 തീയതിയിലെ വിധിന്യായം.
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 08/11/2025 തീയതിയിലെ DCTVM/16135/2025-K16 നമ്പർ നടപടിക്രമം.
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 09/01/2026 തീയതിയിലെ എസ്1/909/2021/ട്രിഡ (2) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ജി.ജി. ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - വെൺപാലവട്ടം - എൻ.എച്ച് ബൈപ്പാസ് റോഡിന്റെ വികസനത്തിനായി, എൽ.എ.സി. 356/2007 പ്രകാരം, തിരുവനന്തപുരം താലൂക്കിൽ കടകംപ്പള്ളി വില്ലേജിൽ സർവ്വേ നം. 1630/1-ൽ ഉൾപ്പെട്ട 0.35 ആർ വസ്തു ഏറ്റെടുത്തിരുന്നതിന്, സമാന വിഷയത്തിലുള്ള എൽ.എ.ആർ 361/2009 നമ്പർ കേസിലെ പരാമർശം (2) വിധിന്യായത്തിന്റെ അടിസ്ഥാനത്തിലുള്ള നഷ്ടപരിഹാരം ലഭിക്കുന്നതിനായി, പൊന്നുംവില നിയമം 1894, സെക്ഷൻ 28എ പ്രകാരം മുൻ ഉടമയായ Late സി. ഉദയഭാനുവിന്റെ നിയമാനുസൃത അവകാശികൾ സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിശോധിച്ച് പരാമർശം (3) പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയിട്ടുള്ള അവാർഡ് തുകയായ 17,29,455/- രൂപ (പതിനേഴ് ലക്ഷത്തി ഇരുപത്തിയൊമ്പതിനായിരത്തി നാന്നൂറ്റി അമ്പത്തിയഞ്ച് രൂപ മാത്രം) അനുവദിക്കണമെന്ന് പരാമർശം (4) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ

ഭാഗമായി ജി.ജി. ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - വെൺപാലവട്ടം എൻ.എച്ച് ബൈപ്പാസ് റോഡിന്റെ വികസനത്തിനായി, എൽ.എ.സി. 356/2007 പ്രകാരം, തിരുവനന്തപുരം താലൂക്കിൽ കടകംപ്പള്ളി വില്ലേജിൽ സർവ്വേ നം. 1630/1-ൽ ഉൾപ്പെട്ട 0.35 ആർ വസ്തു ഏറ്റെടുത്തിരുന്നതിന്, പൊന്നുംവില നിയമം 1894, സെക്ഷൻ 28എ പ്രകാരം മുൻഉടമയായ Late സി. ഉദയഭാനുവിന്റെ നിയമാനുസൃത അവകാശികൾ സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിശോധിച്ച് തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയിട്ടുള്ള അവാർഡ് തുകയായ **17,29,455/- രൂപ (പതിനേഴ് ലക്ഷത്തി ഇരുപത്തിയൊമ്പതിനായിരത്തി നാന്നൂറ്റി അമ്പത്തിയഞ്ച് രൂപ മാത്രം)** മുൻഉടമയായ Late സി. ഉദയഭാനുവിന്റെ നിയമാനുസൃത അവകാശികളായ ശ്രീ. പ്രവീൺകുമാർ U., ശ്രീ. പ്രദീപ് U. ശ്രീമതി ഉദയശ്രീ എന്നിവർക്ക് **'4217-60-800-93 Payment of Compensation in LAR Cases (Plan-Charged)'** എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ASHA A K

**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ബന്ധപ്പെട്ട കക്ഷികൾക്ക് (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
സ്പെഷൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/9/2026/ത.സ്വ.ഭ.വ.)

ഉത്തരവിൻ പ്രകാരം

Signed by
Biju. B
Date: 05-02-2026 17:11:43

സെക്ഷൻ ഓഫീസർ